രാമന്തളി വലിയപറമ്പ് പാണ്ഡ്യാലക്കടവ് നടപ്പാലം

180 (2007) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വലിയപറമ്പ് ദ്വീപ് പഞ്ചായത്തിനെ രാമന്തളിയുമായി ബന്ധിപ്പിക്കുന്ന രാമന്തളി വലിയപറമ്പ് പാണ്ഡ്യാലക്കടവ് നടപ്പാലം നർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയിരുന്നുവെങ്കിലും റിവൈസ്ഡ് ഭരണാനുമതി അനുവദിക്കാൻ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ രാമന്തളി വലിയ പറമ്പ നടപ്പാലത്തിന്റെ നിർമ്മാണത്തിന് 750 ലക്ഷം രൂപയുടെ ഭരണാനുമതി നബാർഡ് RIDF XVI-ൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്നു. അതനുസരിച്ച് പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ സ്ഥലത്തെ ജനപ്രതിനിധികൾ നടപ്പാലത്തിനുപകരം ഒരു സിംഗിൾ ലെയിൻ പാലമാണ് ആവശ്യമെന്ന് അറിയിക്കുകയുണ്ടായി. അതനുസരിച്ച് സിംഗിൾ ലെയിൻ പാലത്തിനുള്ള 1210 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നബാർഡിൽ സമർപ്പിച്ചു. എന്നാൽ RIDF XVIII, XIX, XX എന്നിവയിൽ ഉൾപ്പെടുത്തി ഈ പദ്ധതിക്ക് അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ 22 കോടി രൂപ വരുന്ന പുതുക്കിയ പ്രൊപ്പോസൽ RIDF XXI-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുവാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരുന്നു.

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം

181 (2008) ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര മത്സ്യബന്ധന തുറമുഖങ്ങളും ഫിഷ് ലാന്റിംഗ് സെന്ററുകളുമാണ് പ്രവർത്തിക്കുന്നതെന്നും അവ എതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ ഈ ഗവൺമെന്റ് അധികാരത്തൽ വന്നതിനുശേഷം എന്ത് തുക ചെലവഴിച്ചു ;

(സി) പ്രസ്തുത തുക വിനിയോഗിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തുറമുഖം എന്നേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly